**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1478** **01-02-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ താല്ക്കാലിക നിയമനത്തിനുള്ള പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് തലങ്ങളിലെ എൽ.പി., യു.പി., ഹൈസ്കൂൾ അദ്ധ്യാപക തസ്തികകളിലെ താല്ക്കാലിക നിയമനത്തിനുള്ള പ്രായപരിധി സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളോ മാർഗ്ഗനിർദേശങ്ങളോ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിൽ പി.എസ്.സി നിലവിൽ അനുവദിച്ചിട്ടുള്ള പ്രായ പരിധി മാനദണ്ഡങ്ങൾ തന്നെയാണ് പാലിക്കേണ്ടത്. KER അധ്യായം XIVA Rule 1 Sub Rule(2) ലെ പ്രായപരിധി സംബന്ധിച്ച വ്യവസ്ഥ തന്നെയാണ് ദിവസ വേതന നിയമനത്തിനും ബാധകമാകുന്നത്. |
| (ബി) | നിലവിൽ എൽ.പി., യു.പി., ഹൈസ്കൂളുകളിലെ നാല്പത് വയസ്സ് പ്രായപരിധി കഴിഞ്ഞ താല്ക്കാലിക അദ്ധ്യാപകരെ ജോലിയിൽ നിന്നും പിരിച്ചുവിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി സർക്കാരിന്റെ അറിവോടുകൂടിയാണോ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | നാല്പത് വയസ്സ് പ്രായപരിധി കഴിഞ്ഞ സർക്കാർ, എയ്ഡഡ് താല്ക്കാലിക അദ്ധ്യാപകരുടെ പ്രായപരിധി സംബന്ധിച്ച ആശങ്ക പരിഹരിക്കുന്നതിനും ഇവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | എയ്ഡഡ് സ്കൂൾ താല്ക്കാലിക അദ്ധ്യാപകരുടെ പ്രായപരിധി നിശ്ചയിക്കുന്നത് നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് . അതിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ